<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സി.ബി.എസ്.ഇ. യും ഐ.സി.എസ്.ഇ. യും സെൻട്രൽ ബോർഡിന്റെ കീഴിലുള്ളതാണ്. ഇവിടെ പാസ്സാക്കുന്ന നിയമം അതിനുംകൂടി ബാധകമാകുമോ; നിലനിൽക്കുമോയെന്ന് ദയവായി അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. രണ്ടും രണ്ടാണ്. കേരള സിലബസ്സിലുള്ളതും കേരള ഗവൺമെന്റിന്റെ കീഴിലുള്ളതുമായ സ്കൂളുകൾക്ക് ബാധകമാകുന്ന ഏത് നിയമവും പാസ്സാക്കാൻ കോമ്പീറ്റൻസിയുണ്ട്. എന്നാൽ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ പരീക്ഷ നടത്തുമ്പോൾ കേരളത്തിൽ ഒരു നിയമം പാസ്സാക്കിയാൽ അത് നിലനിൽക്കുമോ എന്നുള്ളത് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: നല്ല ഒരു ലക്ഷ്യത്തിലേയ്ക്കുള്ള യാത്ര ആരംഭിക്കുകയാണ്. വഴിയിൽ തടസ്സങ്ങളുണ്ടെങ്കിൽ അപ്പോൾ തട്ടിമാറ്റാം. കുറച്ചകലെ തടസ്സമുണ്ടെന്ന് കരുതി യാത്ര ആരംഭിക്കരുതെന്ന് പറയുന്നത് ശരിയല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് പരിശോധിച്ചാൽ മതി. ..... (ബഹളം)....

<u>മി. സ്പീക്കർ</u>: അസന്റ് കിട്ടാത്ത വേറെയും ബില്ലുകളുണ്ട്. അതൊന്നും ഇവിടെ

ഡിബേറ്റ് ചെയ്യാൻ പറ്റില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയെക്കുറിച്ച് നിയമവകുപ്പിനും ഗവൺമെന്റിനും യാതൊരു സംശയവുമില്ല. അതുകൊണ്ട് ഒരു അപ്രിഹെൻഷൻസും ഇതിന്റെ ഭാഗമായി ആവശ്യമില്ല. തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം തമിഴ് ഭാഷ കമ്പൽസറിയായി തന്നെയാണ് ആക്കിയിട്ടുള്ളത്. ഏതെങ്കിലും രൂപത്തിലുള്ള നിയമപ്രശ്നങ്ങളുണ്ടെങ്കിൽ ഇനിയും സമയമുണ്ടല്ലോ. ഇതിന്റെ ഇന്റൻഷനെ ചോദ്യം ചെയ്യേണ്ട കാര്യമില്ല. ഈ ബിൽ സദുദ്ദേശ്യത്തോടെ കൊണ്ടുവന്നിട്ടുള്ളതാണ്. നിയമപ്രശ്നങ്ങളുണ്ടെങ്കിൽ നമുക്ക് കൂട്ടായി സുപ്രീംകോടതി വരെ പോകാം. നിലവിൽ പ്രശ്നങ്ങളൊന്നുമില്ല. ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് ലെജിസ്ലേറ്റീവ് കോമ്പീറ്റൻസി ഉണ്ടോയെന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന്റെ ഭാഗമായി പറഞ്ഞാൽ മതി.